പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2073 — 17.02.2016-ൽ മറുപടിയ്ക്ക്

## വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ശിപാർശ

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്

ഊർജ്ജ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിച്ചില്ലായെങ്കിൽ പിഴ നൽകണമെന്ന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ശിപാർശ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിതരണ ലൈസൻസികളുടെ പ്രവർത്തന നിലവാരം നിഷ്കർഷിച്ച് 2015 ഡിസംബർ 15-ന് പുറപ്പെടുവിച്ച പുതുക്കിയ ചട്ടങ്ങളിൽ വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിച്ചില്ലെങ്കിൽ പിഴ നൽകണമെന്ന് വ്യവസ്ഥയുണ്ട്. ഈ ചട്ട പ്രകാരം സാധാരണ നിലയിൽ ഫ്യൂസ് പോകുമ്പോഴുണ്ടാകുന്ന വൈദ്യുതി തടസ്സം നഗരപ്രദേശത്ത് 6 മണിക്കൂറിനുള്ളിലും ഗ്രാമപ്രദേശത്ത് 8 മണിക്കൂറിനുള്ളിലും, പുഞ്ച നിലങ്ങൾ, മലമ്പ്രദേശങ്ങൾ തുടങ്ങിയ പ്രയാസമേറിയ സ്ഥലങ്ങളിൽ 10 മണിക്കൂറിനുള്ളിലും പരിഹരിക്കണം. ഓവർഹെഡ് ലൈനിലോ കേബിളിലോ ഉള്ള തകരാറാണെങ്കിൽ നഗരപ്രദേശത്ത് 8 മണിക്കൂറിനുള്ളിലും ഗ്രാമപ്രദേശത്ത് 12 മണിക്കൂറിനുള്ളിലും പ്രയാസമുള്ള സ്ഥലങ്ങളിൽ 16 മണിക്കൂറിനുള്ളിലും തകരാർ പരിഹരിക്കണം. ഭൂഗർഭ കേബിളുകളിൽ തകരാറുണ്ടായാൽ നഗരപ്രദേശത്ത് 24 മണിക്കൂറിനുള്ളിലും ഗ്രാമപ്രദേശത്തും പ്രയാസമുള്ള സ്ഥലങ്ങളിലും 48 മണിക്കൂറിനുള്ളിലും തകരാർ പരിഹരിക്കണം. വിതരണ ട്രാൻസ്ഫോർമറുകളിൽ തകരാറുണ്ടായാൽ നഗരപ്രദേശത്ത് 24 മണിക്കൂറിനുള്ളിലും, ഗ്രാമപ്രദേശത്ത് 36 മണിക്കൂറിനുള്ളിലും, പ്രയാസമുള്ള സ്ഥലങ്ങളിൽ 48 മണിക്കൂറിനുള്ളിലും തകരാർ പരിഹരിക്കണം. വൈകുന്നേരം 6 മണി മുതൽ രാവിലെ 8 മണി വരെയുള്ള സമയം ഈ സമയനിബന്ധനകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത സമയനിബന്ധന പാലിച്ചില്ലെങ്കിൽ പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് വൈദ്യുതി ബോർഡിലെ തൊഴിലാളികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; യൂണിയനുകളുടെ അഭിപ്രായം തേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഓരോ സെക്ഷനിലും ജീവനക്കാരെ നിയമിക്കുമോ? | (സി) | വൈദ്യുതി തകരാർ സമയബന്ധിതമായി പരിഹരിക്കുവാൻ സെക്ഷൻ ഓഫീസുകളിൽ ആവശ്യാനുസരണമുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ ഫീൽഡ് ജീവനക്കാരെ കാപ്പിറ്റൽ മെയിന്റനൻസ് & ബ്രേക്ക്ഡൌൺ, റവന്യൂ എന്നീ 3 വിഭാഗങ്ങളായി തരംതിരിച്ച് കൊണ്ടും, 24 മണിക്കൂറും വാഹന സൗകര്യം ലഭ്യമാക്കികൊണ്ടും വൈദ്യുത തകരാർ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ